# എന്റെ മതം

ഡോ. ഡി. ബാബുപോൾ

മതത്തെക്കുറിച്ച് എനിക്ക് എന്തെങ്കിലും ധാരണ ഉണ്ടായത് എന്നു മുതൽക്കാണ് എന്ന് ഓർമ്മ വരുന്നില്ല. ഇന്ന് തിരിഞ്ഞുനോക്കുമ്പോൾ, പള്ളിയോട് ബന്ധപ്പെട്ടാണ് അക്കാര്യം ആലോചിച്ചു തുടങ്ങേണ്ടത് എന്ന് അറിയുന്നതിനാൽ അങ്ങനെ തുടങ്ങാം.

1941 മെയ് മാസത്തിൽ ഞാൻ ദേവാലയത്തിൽ പോയതായി രേഖയുണ്ട്; അക്കാര്യം തലേ മാസം ജനിച്ച എനിക്ക് തീരെ ഓർമ്മയില്ലെങ്കിലും. ഓർമ്മയിലുള്ള ആദ്യചിത്രം കുറുപ്പംപടിയിലെ മർത്തമറിയം പള്ളിയിൽ അന്നുണ്ടായിരുന്ന ഒരാൾപ്പൊക്കത്തിലെ ഒരു ജനാലയുടെ പടിയിൽ ഇരിക്കുന്നതാണ്. അത് നാലു വയസ്സിലോ മറ്റോ ആയിരിക്കാം.

അഞ്ച് വയസ്സ് തികഞ്ഞപ്പോൾ മദ്ബഹായിൽ ശുശ്രൂഷകനായി. ഈ വർഷം ആ ശുശ്രൂഷയിൽ 71 വർഷം പൂർത്തിയാക്കി ഞാൻ. സ്വാഭാവികമായും എന്റെ മതബദ്ധ ചിന്തകൾ അവിടെ തുടങ്ങുന്നു.

അപ്പൻ വൈദികനായിരുന്നു. ആലുവാ സെന്റ് മേരീസ് ഹൈസ്ക്കൂളിലും പിൽക്കാലത്ത് കാതോലിക്കാ ആയ ഔഗേൻ റമ്പാന്റെ ആശ്രമത്തിലും കോട്ടയം, മദ്രാസ്, തിരുവനന്തപുരം കോളേജുകളിലും പഠിച്ചയാൾ ആയിരുന്നു അച്ചൻ. അമ്മ ഒന്നാം റാങ്കുകാരി ആയിരുന്നു എന്നതിലേറെ മലങ്കര മെത്രാപ്പോലീത്താ പുന്നത്ര മാർ ദീവന്നാസിയോസിന്റെയും എരുത്തിക്കൽ ബാവാ എന്നറിയപ്പെട്ടിരുന്ന പ്രഗത്ഭ പണ്ഡിതൻ ചാണ്ടി മർക്കോസ് കത്തനാരുടെയും പിൻമുറക്കാരി മിഷണറി മദാമ്മമാരിൽ നിന്ന് ഇംഗ്ലീഷും വേദപുസ്തകവും പഠിച്ച വ്യക്തിയും ആയിരുന്നു. അങ്ങനെയൊരു കുടുംബാന്തരീക്ഷത്തിൽ പ്രാർത്ഥനയും വേദപുാരായണവും വേദപുസ്തകത്തിൽ വായിച്ചതിനെക്കുറിച്ചുള്ള ചർച്ചകളും സായാഹ്നങ്ങളെ അടയാളപ്പെടുത്തിയതിൽ അത്ഭുതം വേണ്ടതില്ല.

എന്റെ തലമുറയിലെ എല്ലാ ശിശുക്കളെയും പോലെ ഞാനും 23-ാം സങ്കീർത്തനം വായിച്ചാണ് ബൈബിളുമായി പരിചയപ്പെട്ടത്. അന്ന് ഓർത്തഡോക്സുകാർക്കും കത്തോലിക്കർക്കും സ്വന്തം ബൈബിൾ ഇല്ല. (റമ്പാൻ ബൈബിൾ സാധാരണക്കാർക്ക് പ്രാപ്തമായിരുന്നില്ലല്ലോ. തന്നെയുമല്ല, ചതുരാക്ഷരങ്ങളും പഴയ മലയാളലിപിയും അതിനെ കാഴ്ചവസ്തു ആക്കുമായിരുന്നു താനും). അതുകൊണ്ട് പ്രോട്ടസ്റ്റന്റുകാരുടെ ഉത്സാഹത്തിൽ ചാത്തുമേനോൻ വിവർത്തനം ചെയ്ത സത്യവേദപുസ്തകം ആയിരുന്നു വായിച്ചുവന്നത്. സുറിയാനിയിൽ നിന്ന് ഭാഷാന്തരപ്പെടുത്തിയ പുതിയനിയമം ഉണ്ടായിരുന്നെങ്കിലും പഴയനിയമത്തിന് മലയാളവിവർത്തനം ഉണ്ടായിരുന്നില്ല. പ്രോട്ടസ്റ്റന്റ് പരിഭാഷയിലെ 'തെറ്റ്' ഭാഗങ്ങൾ സണ്ടേസ്ക്കൂളിൽ പറഞ്ഞുതരുമായിരുന്നു.

അങ്ങനെ പള്ളി, അൾത്താര, സന്ധ്യാപ്രാർത്ഥന, ബൈബിൾ എന്നീ നാല് ഘടകങ്ങൾ കാണുന്നു. എന്നാൽ മനസ്സിലുറച്ച മതം കന്യാസ്ത്രീയമ്മയോട് അപേക്ഷിച്ചാൽ അമ്മ ഉപേക്ഷിക്കയില്ല എന്നതാണ് എന്ന് ഇന്ന് ഞാൻ തിരിച്ചറിയുന്നു. അതായത്, ഈ എഴുപത്തിയേഴാം വയസ്സിൽ നിത്യവും ജപമാലയിലെ ഇരുപത് രഹസ്യങ്ങൾ ഉരുക്കഴിക്കുന്ന സ്വഭാവവും ദിവസവും പത്തുനൂറ് തവണ 'എത്രയും ദയയുള്ള മാതാവേ' എന്ന് ആവർത്തിക്കുകയും 'അമ്മേയമ്മേ കന്യാസ്ത്രീയമ്മേ' എന്ന മന്ത്രം നാഴികയ്ക്ക് നാല്പതുവട്ടം എന്ന കണക്കെ ജപിക്കുകയും ചെയ്യുന്നതിൽ സുരക്ഷി

തത്വം അനുഭവിക്കുന്ന മനസ്സും എന്റെ മാതാപിതാക്കളിൽ രണ്ട് അമ്മൂമ്മമാരിൽ നിന്നും കിട്ടിയതാണ് എന്റെ മതജീവിതത്തിന്റെ അടിയൊഴുക്ക്. അത് സരസ്വതിയാണ്. ആ സരസ്വതി കൂടാതെ പ്രയാഗയിൽ ത്രിവേണി ഇല്ല. ത്രിവേണി ഇല്ലെങ്കിൽ മോക്ഷദായകമാകുന്നില്ലല്ലോ പ്രയാഗസ്നാനം.

സ്കൂളിൽ ആഴ്ചയിലൊരുനാൾ വ്യാഴാഴ്ച അത്താഴം ഉപേക്ഷിക്കാൻ ശീലിപ്പിച്ചിരുന്നു. നിർബന്ധമല്ല; കുട്ടികൾക്ക് താല്പര്യം ഉണ്ടാവുകയും മാതാപിതാക്കൾ അനുവദിക്കുകയും ചെയ്താൽ മാത്രം. എന്റെ അമ്മയ്ക്ക് ആദ്യത്തെ വ്യാഴാഴ്ച അല്പം അങ്കലാപ്പുണ്ടായിരുന്നു. പന്ത്രണ്ട് വർഷം കാത്തിരുന്ന് കിട്ടിയ മകൻ പന്ത്രണ്ടാം വയസ്സിൽ അത്താഴപ്പട്ടിണി കിടക്കുന്നത് ഏതമ്മയ്ക്കാണ് അങ്കലാപ്പുണ്ടാക്കാത്തത്! അച്ഛൻ പ്രോത്സാഹിപ്പിച്ചു; അമ്മ അനുസരിച്ചു. ഉപവസിച്ചാൽ പോരാ, അങ്ങനെ ലഭിക്കുന്ന അരി തീപ്പെട്ടിയിലോ മറ്റോ സ്കൂളിൽ എത്തിക്കണം അത് അനാഥമന്ദിരത്തിൽ കൊടുക്കും. ഇതും എന്റെ മതജീവിതത്തെ സ്വാധീനിച്ചതായി ഞാൻ കണക്കെഴുതുന്നു.

ഇപ്പോൾ, പ്രമേഹവും പ്രഷറും ഒക്കെ മരുന്നുകൊണ്ട് നിയന്ത്രിക്കേണ്ടിവരുന്ന ഈ വാർദ്ധക്യത്തിൽ, ഭക്ഷണം അപ്പാടെ ഉപേക്ഷിക്കാൻ വയ്യ. എങ്കിലും നിയന്ത്രണങ്ങൾ ആവാം. അത് ചെയ്യാനുള്ള ആവാം. അത് ചെയ്യാനുള്ള മനസ്സ് ആ സ്കൂൾ ജീവിതത്തിൽ നിന്ന് കിട്ടിയതാണ്. അത് പോരാ, അങ്ങനെ ലഭിക്കുന്നത് പരോപകാരത്തിന് വിനിയോഗിക്കാതെ ആ ലാഭം പൂർണ്ണമാവുകയില്ല എന്ന ചിന്തയും അതിന്റെ തുടർച്ചയാണ്.

അങ്ങനെ ഞാൻ സ്വരൂപിക്കുകയോ കൊടുക്കുകയോ ചെയ്യുന്നു എന്ന് കരുതരുത്. അതിന്റെ കാരണം 1967 മുതൽ ദശാംശദാനം എന്റെ മതത്തിന്റെ ഭാഗം ആയതാണ്. ബൈബിളിന്റെ പഴയനിയമത്തിൽ മലാഖി എന്ന പ്രവാചകന്റെ വാക്കുകൾ ഇങ്ങനെ വായിക്കാം: “മനുഷ്യന് ദൈവത്തെ തോല്പിക്കാമോ? എങ്കിലും നിങ്ങൾ എന്നെ തോല്പിക്കുന്നു. എന്നാൽ നിങ്ങൾ: ഞങ്ങൾ ഏതിൽ നിന്നെ തോല്പിക്കുന്നു എന്ന് ചോദിക്കുന്നു. ദശാംശത്തിലും വഴിപാടിലും തന്നെ.”

അപ്പോൾ എന്റെ ജീവിതത്തിൽ മതം ചെലുത്തുന്ന സ്വാധീനതയ്ക്ക് വിവിധ ഘടകങ്ങൾ ഉണ്ട് എന്ന് ഞാൻ തിരിച്ചറിയുന്നു. ഞാൻ അറിഞ്ഞോ അറിയാതെയോ എന്റെ ശൈശവത്തെ ആവരണം ചെയ്ത പ്രാർത്ഥനയിലും ആദ്ധ്യാത്മീകാന്തരീക്ഷത്തിലും ആണ് അതിന്റെ തുടക്കം. ഞാൻ വായിച്ച വേദപുസ്തകത്തിലും ഞാൻ ചൊല്ലിയ പ്രാർത്ഥനകളിലും ഞാൻ സംബന്ധിച്ച വിശുദ്ധ കുർബ്ബാനകളിലും ഞാൻ സ്വാംശീകരിച്ച കൂദാശനുഭവങ്ങളിലും ഞാൻ ശീലിച്ച ഉപവാസ രീതികളിലും ഞാൻ പാലിച്ച ധനവിനിയോഗ രീതികളിലും കൂടെ ആണ് അതിന്റെ വളർച്ച.

ഇതരമതങ്ങളോടുള്ള സഹിഷ്ണുത എന്റെ മതത്തിന്റെ അവിഭാജ്യഘടകമാണ്. ലോകത്തിൽ ഒരു മതംത്രമല്ല ഉള്ളത് എന്ന് ഞാൻ തിരിച്ചറിഞ്ഞതും എന്റെ മതത്തിന്റെ ഭാഗമാണ്. അത് എന്നായിരുന്നു എന്ന് കൃത്യമായി പറയുക വയ്യ. എങ്കിലും ശൈശവം ബാല്യത്തിന് വഴിമാറിയ നാളുകളിലെന്നോ എന്റെ അപ്പൻ അത് പറഞ്ഞുതന്നിട്ടുണ്ടാവണം. പള്ളി കണ്ടാൽ കുരിശ് വരയ്ക്കണം എന്നതായിരുന്നു പാഠം ഒന്ന്. അതിന്റെ തുടർച്ച ആയിരുന്നു അമ്പലം കണ്ടാലും കുരിശ് വരയ്ക്കണം എന്നത്. പിറകെ തന്നെ ഞാൻ പഠിച്ചു, അമ്പലത്തിൽ ആരും കുരിശ് വരയ്ക്കാറില്ല. അവിടെ കൈകൂപ്പുകയാണ് രീതി. അങ്ങനെ രായമംഗലം പഞ്ചായത്തിലെ കൂട്ടുമഠം അമ്പലത്തിന്റെ മുന്നിൽകൂടെ പോവുമ്പോൾ ഞാൻ തൊഴുതു തുടങ്ങി. എന്റെ ആരാധനയല്ല ആ കൂപ്പുകൈ, അത് എന്റെ ആദരവാണ്. ഈശ്വരനെ ആ രൂപത്തിൽ കാണുന്നവരോടുള്ള എന്റെ ബഹുമാനം.

മലങ്കര സഭയിലെ വൈദികനായിരുന്നു അച്ഛൻ. കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ ആൾ. ഉല്പതിഷ്ണു. ഇന്നത്തെ രീതിയിൽ പറഞ്ഞാൽ പ്ലൂറലിസ്റ്റ്. "ന്റെ ഗുരുവായൂരപ്പാ ന്റെ പിള്ളേ കാത്തോളണേ" എന്ന് പ്രാർത്ഥിക്കുന്ന അമ്മയോട് "എന്റെ പേര് ഗുരുവായൂരപ്പനെന്നല്ല" പറയുന്നവനല്ല ദൈവം എന്ന് അച്ഛൻ ആത്മാർത്ഥമായി വിശ്വസിച്ചു.സ്വാതന്ത്ര്യപൂർവ്വയുഗത്തിൽ ദളിതരുടെ വിദ്യാഭ്യാസത്തിന് ശമ്പളത്തിന്റെ പകുതി മാറ്റിവച്ചയാൾ ഒരു ദളിതനെയും മതത്തിൽ ചേർക്കാൻ ഉത്സാഹിച്ചില്ല. പിൽക്കാലത്ത് വളരെ ഉയർന്ന നിലയിൽ എത്തിച്ചേർന്ന വി. കെ. കുഞ്ഞൻ മതംമാറണമെന്ന് പറഞ്ഞ് അച്ഛനെ സമീപിച്ചപ്പോൾ "ഇരുപതാം വയസ്സിൽ ഒരു വികാരത്തിന്റെ പേരിൽ മാറാനുള്ളതല്ല മതം, സ്വസമുദായത്തിനുവേണ്ടി പ്രവർത്തിക്കുക, നാല്പത് വയസ്സായിട്ടും ക്രിസ്ത്യാനിയാകാൻ മോഹം ബാക്കിയുണ്ടെങ്കിൽ നമുക്ക് അപ്പോൾ ആലോചിക്കാം" എന്ന് അച്ഛൻ പറഞ്ഞതായി കുഞ്ഞൻസാർ തന്നെയാണ് എന്നോടു പറഞ്ഞത്.

ഇതരമതങ്ങളെ സഹിഷ്ണുതയോടെ വീക്ഷിക്കാൻ മാത്രം അല്ല, സ്നേഹത്തോടെ ബഹുമാനിക്കാനും അച്ഛൻ പഠിപ്പിച്ചു. ബഥേലിലേക്കുള്ള വഴിയിൽ വച്ച് പ്രവാചകനെ മൊട്ടത്തലയൻ എന്ന് പരിഹസിച്ച പൈതങ്ങളെ പ്രവാചകൻ ശപിച്ചതിനെ തുടർന്ന് കരടികൾ തിന്നുകളഞ്ഞു എന്ന കഥ സാരോപദേശമായി മാത്രം അച്ഛൻ വ്യാഖ്യാനിച്ചത്, കരുണാമയനായ ഈശ്വരനെക്കുറിച്ചുള്ള വ്യക്തമായ ബോധം കൊണ്ടായിരുന്നു. ലൂക്കോസിന്റെ സുവിശേഷത്തിലെ പതിനഞ്ചാം അദ്ധ്യായം ആയിരുന്നു അച്ഛന് സുവിശേഷസാരം. തൊഴിൽതേടി തിരിച്ചെന്ന ധൂർത്തപുത്രനെ മകനായി പുനഃപ്രതിഷ്ഠിക്കുന്ന ദൈവസ്നേഹത്തെക്കുറിച്ചാണ് അച്ഛൻ എന്നും വാചാലനായിരുന്നത്.

അതിന്റെ തുടർച്ചയാണ് എന്റെ മതബോധത്തിൽ രക്തത്തിന് പ്രാധാന്യം ഇല്ലാത്തതും. സഭയുടെ പ്രബോധനാധികാരത്തിന് കീഴ്പ്പെടുന്നതിനാലാണ് 'രക്തം കൊണ്ടല്ലാതെ മോചനമില്ല' എന്ന വേദശാസ്ത്രത്തെ ഞാൻ പരസ്യമായി വിമർശിക്കാത്തത്. ദൈവം ക്രിസ്ത്യാനിയല്ല എന്ന് ആർച്ചു ബിഷപ്പ് ടുറ്റു പറയുമ്പോൾ ഇതേ ആശയമാണ് സൂചിതം. ദൈവത്തിന് മതമില്ലായെന്നത് എന്റെ ഒരു പഴയ പ്രബന്ധത്തിന്റെ ശീർഷകം ആയിരുന്നുവെന്നതും ഇപ്പോൾ ഓർത്തുപോകുന്നു. ഗമാലിയേലിന് ബുദ്ധി നൽകിയവൻ ഒരു ഗമാലിയേലിനും ശിഷ്യപ്പെട്ടില്ല. സ്നേഹവും കരുണയും മാത്രം ആയിരുന്നു അവൻ പഠിപ്പിച്ചത്. സ്നേഹത്തിനും കരുണയ്ക്കും മതം ഇല്ല. അതായത്, മതം എന്റെ ജീവിതത്തിൽ പ്രതിഫലിക്കേണ്ടത് എന്റെ മാനസീകാവസ്ഥയിലാണ്. അപരനോടുള്ള എന്റെ പ്രതികരണത്തിലാണ് എന്റെ ജീവിതത്തിൽ മതത്തിനുള്ള സ്വാധീനത വായിച്ചെടുക്കേണ്ടത്. എന്റെ അയൽക്കാരനെ എനിക്ക് തിരിച്ചറിയാവുന്നുണ്ടോ? അതോ ശമരിയാക്കാരനോടുള്ള മുൻവിധികൾ അയൽക്കാരന്റെ വേദനകളോട് നിസ്സംഗത പാലിക്കാൻ എന്നെ പ്രേരിപ്പിക്കുന്നുവോ?

ഗാസയിൽ ചോര വീഴുന്നു. മൂസലിലും ചോര വീഴുന്നു. രണ്ടിടത്തും ചോരയുടെ നിറം ഒന്നു തന്നെ. രണ്ടിനോടും എന്റെ പ്രതികരണം ഒരുപോലെ തന്നെ ആണോ? പലസ്തീനികളുടെ രക്തം ചൊരിയുന്ന യഹൂദന്മാരോടും ക്രിസ്ത്യാനികളുടെ രക്തം ചൊരിയുന്ന മുസ്ലീമുകളോടും എനിക്കു തോന്നുന്ന വികാരവും രണ്ടിടത്തും അക്രമത്തിന് ഇരയാകുന്നവരോട് എനിക്ക് തോന്നുന്ന വികാരവും വിഭിന്നമാണോ എന്ന അന്വേഷണം എന്റെ ജീവിതത്തിൽ എന്റെ മതത്തിനുള്ള സ്വാധീനതയുടെ സ്വഭാവവും വ്യാപ്തിയും നിർവ്വചിക്കും. ഇറാഖിൽ ക്രിസ്ത്യാനിയെ കൊല്ലുന്നവനെ ഗാസയിൽ യഹൂദൻ കൊല്ലുമ്പോൾ, പഴഞ്ചൊല്ലുകൾ ഉദ്ധരിച്ച് നിർവ്വികാരനായിരിക്കാൻ എനിക്ക്

കഴിയുന്നുവെങ്കിൽ ഞാൻ ക്രിസ്തുവിന്റെ അനുയായി അല്ല, തീർച്ച. യഹൂദന്മാരുടെ കഥകളിൽ എവിടെയോ വായിക്കുന്നുണ്ട്, ഫറവോയും സൈന്യങ്ങളും ചെങ്കടലിൽ മുങ്ങിനശിച്ചതിൽ ആഹ്ലാദിച്ച ഇസ്രയേലിനെ യാഹ്‌വെ ശാസിക്കുന്നതായി. “അവർ നിങ്ങളെ പീഡിപ്പിച്ചു എന്നതും അവരിൽ നിന്ന് ഞാൻ നിങ്ങളെ മോചിപ്പിച്ചു എന്നതും നേരുതന്നെ. എന്നാൽ അവരും എന്റെ മക്കളല്ലേ? എന്റെ മക്കൾ മുങ്ങിമരിക്കുമ്പോൾ എന്റെ തന്നെ മക്കളായ നിങ്ങൾക്ക് എങ്ങനെ ആഹ്ലാദിക്കാൻ കഴിയും?” എന്നാണ് യാഹ്‌വെ ചോദിച്ചത്. ദൈവം സ്നേഹമാകുന്നു. അതുകൊണ്ടാണ് ഭാഗ്യസ്മരണാർഹനായ ഒസ്താത്തിയോസ് തിരുമേനി പറഞ്ഞത്, നിത്യനരകം ഉണ്ടാവുക അസാദ്ധ്യമാണെന്ന്.

വൃക്ഷത്തെ ഫലംകൊണ്ട് അറിയുന്നു; മതത്തെ മതവിശ്വാസിയുടെ മനം കൊണ്ട് അറിയുന്നു. ദൈവത്തിന്റെ മനസ്സിന് അനുരൂപമായി എന്റെ മനസ്സിനെ പരുവപ്പെടുത്താൻ കഴിയുന്നില്ലെങ്കിൽ എന്റെ ജീവിതത്തിൽ മതമില്ല. എന്റെ മനസ്സാണ് എന്റെ മതത്തെ നിർവ്വചിക്കുന്നത്.

ജനിച്ച മതത്തെക്കുറിച്ച് ആഴത്തിൽ പഠിച്ച് മറ്റ് മതങ്ങളുമായി അതിനെ താരതമ്യപ്പെടുത്തിയതിന് ശേഷം തന്റെ മതം ആണ് ശ്രേഷ്ഠമതം എന്ന ഉത്തമബോധ്യത്തിലെത്തി, മാതാപിതാക്കന്മാരുടെ മതത്തിൽ ഉറച്ചു നിൽക്കുന്നവർ എണ്ണത്തിൽ ഏറെ ഉണ്ടാകാനിടയില്ല. താൻ ജനിച്ച മതം തനിക്ക് ശാന്തി നൽകുന്നില്ല എന്ന തിരിച്ചറിവോടെ ബൗദ്ധിക തീർത്ഥാടനത്തിന് ഇറങ്ങിത്തിരിച്ച് തന്റെ മതം നൽകാത്തത് നൽകുന്ന മറ്റൊരു മതം സ്വീകരിക്കുന്നവരുടെ എണ്ണം കുറവായിരിക്കും. ഇനി അങ്ങനെയുള്ള ഉദാത്തമായ കാരണങ്ങൾ ഒന്നും കൂടാതെ സ്വന്തം മതം ഉപേക്ഷിച്ച് മറ്റൊരു മതം സ്വീകരിക്കുന്നവരുടെ കാര്യമോ? അതും വലിയ സംഖ്യ അല്ല ഒരു സമൂഹത്തിലും. അതായത്, വർത്തമാനകാലത്ത് ഓരോ മതത്തിലും ഉൾപ്പെട്ട് കാണപ്പെടുന്ന ജനം ഒട്ടുമുക്കാലും അതത് മതത്തിൽ ആയിരിക്കുന്നത് അവരവരുടെ മാതാപിതാക്കളിൽ നിന്ന് ജനിച്ചതുകൊണ്ടാണ്. ഈ ലളിതമായ സത്യം തിരിച്ചറിയുമെങ്കിൽ ഇതരമതസ്ഥരായ മനുഷ്യരെ അന്യരായിട്ടോ ശത്രുക്കളായിട്ടോ കാണേണ്ടതില്ല എന്ന് ഗ്രഹിക്കാൻ കഴിയും.

ഒരു മദ്യപൻ റോഡ് മുറിച്ചുകടന്ന് അപ്പുറത്തെത്തി. ആദ്യം കണ്ട ആളോട് ചോദിച്ചു: “ഈ റോഡിന്റെ മറ്റേ സൈഡ് എവിടെയാ?” അത് ചൂണ്ടിക്കാണിച്ചപ്പോൾ മദ്യപൻ പറഞ്ഞുവത്രേ: “ഇത് നല്ല കൂത്ത്. അപ്പുഴത്തൊരുത്തൻ പറഞ്ഞു, ഇപ്പഴത്താ മട്ടേ സൈഡെന്ന്.” നാം എവിടെ നിൽക്കുന്നു എന്നതാണ് മറ്റേ സൈഡ് ഏതാണ് എന്ന് നിർണ്ണയിക്കുന്നത്.

ലണ്ടനിൽ പ്രഭാതഭക്ഷണം കഴിക്കുന്ന സായിപ്പ് ഓർക്കുന്നില്ല, അതേ സമയത്ത് ഇന്ത്യയിൽ നാം ഉച്ചഭക്ഷണം കഴിക്കുന്നു എന്ന്. പ്രഭാതസൂര്യന്റെ ഉന്മേഷദായകമായ കിരണങ്ങളാണ് സായിപ്പ് അന്നേരം കാണുന്നത്. ഇന്ത്യയിലോ? ചൂടുകൊണ്ട് ഇരിക്കപ്പൊറുതിയില്ല. അതേസമയം ഓസ്ട്രേലിയയിലും ന്യൂസിലൻഡിലും അസ്തമയസൂര്യന്റെ സൗന്ദര്യം ആസ്വദിച്ചുകൊണ്ട് കമിതാക്കൾ കടൽത്തീരത്ത് ഇരിക്കുകയാവും; സൂര്യബിംബം വിദൂരചക്രവാളത്തിൽ സമുദ്രത്തെ സ്പർശിക്കുന്ന ദൃശ്യം കാണാൻ എന്ത് ഭംഗി! സൂര്യനായാൽ ഇങ്ങനെ വേണം. മൂന്ന് സ്ഥാനങ്ങൾ, മൂന്ന് അനുഭവങ്ങൾ; സൂര്യൻ ഒന്ന് മാത്രം.

ഏതാണ് ആ സൂര്യന്റെ ഭാവം? പ്രഭാതചാരുതയോ? മദ്ധ്യാഹ്നതീക്ഷ്ണതയോ? സായാഹ്നശോഭയോ? നാം ആയിരിക്കുന്ന ഇടത്ത് എത്തി, നാം നോക്കുന്ന ദിശയിൽത്തന്നെ നോക്കി വേണം സൂര്യന്റെ യഥാർത്ഥ ഭാവം ഗ്രഹിക്കാൻ എന്ന് പറയുമ്പോൾ സൂര്യനെയാണ് നാം പരിമിതപ്പെടു

ത്തുന്നത്.

സൂര്യൻ ദൃശ്യമാണ്. അതുകൊണ്ട് ഉദാഹരണമാക്കിയതാണ്. മിക്ക മതങ്ങൾക്കും ഒരു അതീന്ദ്രീയമാനക ബിന്ദു ഉണ്ട് എന്ന് നമുക്കറിയാം. ദാർശനികതലത്തിൽ മിസ്റ്റീരിയം ട്രെമെൻഡും എന്ന് പറയും. അത് മനുഷ്യൻ തിരിച്ചറിയറിയുന്നത് ആ അതീന്ദ്രിയഭാവം സ്വയം അഗോചരമാക്കി അവതരിക്കുമ്പോഴാണ്. സ്ഥലകാലപരിമിതികൾക്ക് വിധേയനായ മനുഷ്യേൻ ദർശനീയമാവുന്ന ഈ അതീന്ദ്രിയഭാവത്തോട് താദാത്മ്യപ്പെടാൻ നടത്തുന്ന പരിശ്രമം ആണ് മതം എന്ന് സ്ഥൂലമായി പറയാം. ആ താദാത്മ്യം ഓംകാരത്തിലെ ലയനമാവാം, പുതിയ യെരുശലേമിലെ സൗഭാഗ്യമാവാം. ദൈവികമെന്നും മാനുഷികമെന്നും ഇപ്പോൾ നാം അറിയുന്ന ദ്വന്ദ്വം അപ്രത്യക്ഷമാവുന്ന അവസ്ഥയാണ് ഏതായാലും.

ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു എന്ന് ക്രിസ്തു പറഞ്ഞിട്ടുണ്ട്. രക്ഷയ്ക്കായി മറ്റൊരു നാമം നൽകപ്പെട്ടിട്ടില്ല എന്ന് ശിഷ്യന്മാർ പഠിപ്പിച്ചിട്ടുണ്ട്. എന്നാൽ ആ വാക്യങ്ങളിന്മേൽ മാത്രം രക്ഷയുടെ വേദശാസ്ത്രം ഉറപ്പിക്കാനാവുകയില്ല. സമസ്ത മനുഷ്യരെയും പ്രകാശിപ്പിക്കുന്ന വെളിച്ചം എന്ന് യോഹന്നാൻ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. അത് ക്രിസ്ത്യാനികൾക്കായി പരിമിതപ്പെടുത്തുവാൻ പാടില്ല. യഹൂദനും യവനനും പാപത്താൽ പങ്കിലമാക്കപ്പെടുന്നത് ഒരുപോലെയാണ് എന്ന് പൗലോസ് സൂചിപ്പിക്കുന്നുണ്ടല്ലോ. ഈശ്വരൻ നിശ്ചയിച്ചിട്ടുള്ളത് ലംഘിക്കുന്നതാണ് പാപം. അതായത്, പാപം മതാതീതമാണ്. പാപരഹിതവും പുണ്യപൂർണ്ണവും ആയ അവസ്ഥയും മതാതീതമാണ്. ആദ്യത്തേതിൽ നിന്ന് രണ്ടാമത്തേതിൽ എത്താനുള്ള പാതയിലാണ് മതഭേദം.

എന്നിലൂടെയല്ലാതെ ആരും ദൈവപിതാവിൽ എത്തുന്നില്ല എന്ന് ശരീരമായി അവതരിച്ച വചനം പറഞ്ഞത് അവതാരഭാവത്തെ മാത്രം കരുതിയാണ് എന്ന് വ്യാഖ്യാനിക്കുമ്പോഴാണ് ദൈവം ക്രിസ്ത്യാനിയാണ് എന്ന് പറയേണ്ടിവരുന്നത്. ശരീരം ധരിക്കുന്നതിന് മുൻപ് വചനം ഉണ്ടായിരുന്നു. ആ വചനം ദൈവത്തോടുകൂടെ ആയിരുന്നു. ആ വചനം ദൈവം തന്നെ ആയിരുന്നു. അതായത്, ദൈവത്തിലൂടെയല്ലാതെ ദൈവത്തിൽ എത്തുന്നില്ല. ഭാഗംഭാഗമായിട്ടും വിവിധമായിട്ടും പണ്ട് സ്വയം വെളിപ്പെടുത്തിയവനെക്കുറിച്ചുള്ള ബൈബിൾ പരാമർശവും വിസ്മരിക്കാവുന്നതല്ല.

യഹൂദ-ക്രൈസ്തവ-ഇസ്ലാം മതങ്ങളുടെ ചരിത്രം പരിശോധിക്കുന്ന കാരൻ ആംസ്ട്രോങ് ദൈവത്തിന്റെ ചരിത്രം എന്ന കൃതി അവസാനിപ്പിക്കുന്നത് ഈശ്വരശൂന്യത മനുഷ്യരാശിക്ക് താങ്ങാനാവുന്നതല്ല എന്നു പറഞ്ഞിട്ടാണ് മതമൗലികവാദത്തിന്റെ അമൂർത്തവിഗ്രഹങ്ങൾ ആ ശൂന്യത പരിഹരിക്കുകയില്ല എന്ന് അവർ പറയുന്നു. ഇത് ഇപ്പറഞ്ഞ മൂന്ന് മതങ്ങൾ മാത്രം നേരിടുന്ന പ്രശ്നമല്ല. ഹിന്ദുമതം പോലെ വിശാലമായ മുത്തുക്കുടയ്ക്ക് കീഴിലും മതമൗലികവാദത്തിന്റെ വിഗ്രഹങ്ങൾ അസഹിഷ്ണുത വളർത്താറുണ്ട്. ഉപരിവിപ്ലവതയുടെ തടവുകാരാണ് അത്തരം അല്പമനസ്സുകൾ, ഏത് മതത്തിലായാലും.

ഞാൻ ഈയിടെ ഒരു പുതിയ വാക്ക് പഠിച്ചു; അൾട്രാക്രെപിഡേറിയൻ. ഒരു ചിത്രകാരൻ അലക്സാണ്ടർ ചക്രവർത്തിയുടെ പടം വരച്ചു. ചിത്രത്തിൽ കാണുന്ന ചെരിപ്പുപയോഗിച്ച് കുതിര സവാരി വയ്യ എന്ന് ഒരു ചെരിപ്പുകുത്തി പറഞ്ഞു. ചിത്രകാരന് അത് ബോധ്യമായി. അയാൾ മാറ്റി വരച്ചു. അപ്പോൾ ബെൽറ്റ്, പുരികം, ചെവി ഒക്കെ സംബന്ധിച്ച് അഭിപ്രായം പറയാൻ തുടങ്ങി ചെരി

പ്പുകുത്തി. ചിത്രകാരൻ പറഞ്ഞു, "സൂത്തോർ, നെ ഉൾത്രാ ക്രെപിദാം". ചെരിപ്പുകുത്തീ, ചെരിപ്പിന് മേലോട്ട് വേണ്ട. ഈ കഥയിലാണ് പദനിഷ്പത്തി. പിന്നെ അർത്ഥം പറയേണ്ടതില്ല. ദൈവത്തെക്കുറിച്ച് അഭിപ്രായം പറയുമ്പോൾ നാം എല്ലാവരും ചെരിപ്പുകുത്തിയുടെ ഭാവത്തിലാണ്. അതിന് പകരം അഹംബ്രഹ്മാസ്മി, തത്ത്വമസി എന്ന തിരിച്ചറിവാണ് വിനീതനായ അന്വേഷകന് ഉണ്ടാവേണ്ടത്. ദൈവത്തെ മാനിക്കാനും മനുഷ്യരെ സ്നേഹിക്കാനും ഉള്ള കല്പനയുടെ പരാവർത്തനമാണത്. നാം അഭിവാദ്യം ചെയ്യുമ്പോൾ കൈ കൂപ്പുന്നത് അപരനിലെ ദൈവാംശത്തെ മാനിച്ചിട്ടാണ്. ബുദ്ധമതത്തിൽ ദൈവം ഇല്ല എന്ന് പറയുമെങ്കിലും, എന്നിലെ ദൈവം നിന്നിലെ ദൈവത്തെ വണങ്ങുന്നു എന്നാണ് താൻ കുനിഞ്ഞുവണങ്ങുന്നതിന്റെ  അർത്ഥം എന്ന് ദലായ്‌ലാമ പറഞ്ഞിട്ടുണ്ട്. ക്രിസ്തുമതം മറ്റ് മതങ്ങളേക്കാൾ ഭേദമെന്ന് പറയാൻ ക്രിസ്ത്യാനികൾക്കോ, ഒരൊറ്റ വേദപ്രമാണത്തെ ആശ്രയിക്കാത്തതിനാൽ മറ്റ് മതങ്ങളെക്കാൾ ഭേദം ഹിന്ദുമതമാണ് എന്ന് പറയാൻ ഹിന്ദുക്കൾക്കോ അവകാശമില്ല എന്ന് ചുരുക്കം. ആർക്കും ഒന്നും അറിഞ്ഞുകൂടാ. "ചെരിപ്പുകുത്തീ, ചെരിപ്പിന് മേലോട്ട് വേണ്ട" എന്നാണ് ഓർക്കേണ്ടത്, മതമേതായാലും.

**************